**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1894** **29-07-2021 - ൽ മറുപടിയ്ക്ക്**

**സംരംഭകത്വ സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം ചെറുകിട, ഇടത്തരം വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതികസഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതിപ്രകാരം ഉല്പാദനസംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. കോവിഡ് 19 –ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജ് പ്രകാരം സംരംഭകത്വസഹായ പദ്ധതി പ്രകാരം പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ, വനിതകൾ, SC/ST വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5% എന്നത് 10% ആയി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ NRK – യെക്കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്കു ഇരുപത്തഞ്ചു ലക്ഷം രൂപ വരെ മൂലധന സഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറു ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചു ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായം ആയി നൽകി വരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇത് വരെ 117 യുവ സംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി. ഈ ഇനത്തിൽ ലഭിക്കാവുന്ന പരമാവധി ധനസഹായം മൊത്ത നിക്ഷേപത്തിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. ഈ വായ്പ ഒരു വർഷത്തേക്കുള്ള മൃദു വായ്പാ (സോഫ്റ്റ് ലോൺ) ആയിട്ടാണ് അനുവദിക്കുന്നത്. പലിശനിരക്ക് അതാത് സമയത്ത് |

| | | | |
|---|---|---|---|
| | | | ആർ.ബി.ഐ. ബാങ്ക് വായ്പ നിരക്ക് അനുസരിച്ചായിരിക്കും. ഒരു വർഷത്തിന് ശേഷം ഈ വായ്പയുടെ അടിസ്ഥാന വിലയ്ക്കുള്ള ഓഹരി, മൂലധനമായി മാറ്റുകയോ അല്ലെങ്കിൽ അതാത് സമയത്തെ വായ്പ നിരക്ക് അനുസരിച്ച പലിശ അടക്കം വായ്പ തുക തിരിച്ചടയ്ക്കുകയോ ചെയ്യണം. |
| (ബി) | യുവാക്കൾക്കും, വനിതകൾക്കും തൊഴിൽ സംരംഭക പരിപാടികൾക്ക് പ്രോൽസാഹനം നൽകുന്നതിനും, കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നിലവിലുള്ള സംരംഭകർക്ക് സഹായം നൽകുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | നൂതന ആശയങ്ങളുമായി വരുന്ന യുവസംരംഭകർക്ക് പ്രോൽസാഹനം നൽകുക എന്നതുൾപ്പെടെയുള്ള ലക്ഷ്യത്തോടെ വ്യവസായ വാണിജ്യ വകുപ്പ് വിവിധ ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സംരംഭകത്വ സഹായ പദ്ധതിയിൽ യുവാക്കൾ, വനിതകൾ, SC/ST വിഭാഗം, NRK എന്നിവർക്ക് പ്രത്യേക പ്രാധാന്യം നൽകി അധികമായി 10% സബ്സിഡി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്, എന്നീ പദ്ധതികളിലും എസ്.സി/ എസ്.ടി/ വനിതകൾ/ വിമുക്തഭടന്മാർ/ 40 വയസ്സുവരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് അർഹമായ പരിഗണന നൽകുന്നുണ്ട്. കൂടാതെ സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസനപരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. കൂടാതെ യുവസംരംഭകരുടെ സംരംഭക ആശയങ്ങൾക്കുള്ള സഹായങ്ങൾ നൽകുന്നതിനു ജില്ലാ വ്യവസായകേന്ദ്രങ്ങളിൽ മിനി ബിസിനസ് ഇൻകുബേഷൻ സെന്ററുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കെ. എസ്. ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം. (സീഡ് ഫണ്ട് സഹായം). സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും തൊഴിലന്വേഷകരേക്കാൾ അവരെ തൊഴിൽ ദാതാക്കളാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാര യോഗ്യമായതുമായ യുവ സംരംഭങ്ങൾക്കു ഇരുപത്തഞ്ചു ലക്ഷം രൂപ വരെ മൂലധന സഹായം |

നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറു ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചു ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായം ആയി നൽകി വരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇത് വരെ 117 യുവ സംരംഭങ്ങൾക് മൂലധന സഹായം അനുവദിക്കുകയുണ്ടായി. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം / സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപ വരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കി വരുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി. യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗനിർദ്ദേശങ്ങളും സെമിനാറുകളും ചർച്ച യോഗങ്ങളും നടത്തി വരുന്നു. കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ വി മിഷൻ. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും, നെറ്റ് വർക്കിങ് മീറ്റിംങ്ങുകളും, വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിനു മുൻപിൽ പ്രദർശിപ്പിക്കുന്നതിനും, സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് വി മിഷൻ വഴി കെ.എസ്.ഐ.ഡി.സി ചെയ്തുവരുന്നത്. സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിങ്) ബിസിനസ് സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ് വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ വൈവിദ്ധ്യവൽകരണത്തിനോ വേണ്ടി കെ.സ്.ഐ.ഡി.സി ഒരു ഹ്രസ്വകാല വായ്പ്പാപദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട് . 1. വായ്പ പദ്ധതിക്ക് അപേക്ഷ നൽകുന്ന സംരംഭം സ്ത്രീ സംരംഭകയുടെ സ്വന്തം ഉടമസ്ഥതയിലുള്ള സ്വകാര്യ സ്ഥാപനമോ, പങ്കാളിത്ത സ്ഥാപനമോ, സ്വകാര്യ

| | | | |
|---|---|---|---|
| | | | കമ്പനിയോ ആകാവുന്നതാണ്. വ്യവസായത്തിന്റെ ആരംഭം മുതൽ 50%കൂടുതൽ ഉടമസ്ഥത സ്ത്രീ സംരംഭകർക്കായിരിക്കണം. യൂണിറ്റ് കഴിഞ്ഞ ഒരു വർഷമായി പ്രവർത്തന ക്ഷമ മായിട്ടുള്ളതും, കഴിഞ്ഞ വർഷത്തെ ആകെ വിൽപ്പനയുടെ ശരാശരി ഏറ്റവും കുറഞ്ഞത് 10ലക്ഷം രൂപയും ആയിരിക്കണം. വായ്പ്പയുടെ പരിധി ആവശ്യമായ മൊത്ത നിക്ഷേപത്തിന്റെ 80% ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. 2. പലിശ നിരക്ക് 7.5%ആയിരിക്കും. കൂട്ടുപലിശ കണക്കാക്കുന്നത് ത്രൈമാസ അടിസ്ഥാനത്തിലായിരിക്കും 3. വായ്പ്പ കാലാവധി പരമാവധി 5-6 വർഷമായിരിക്കും. ഇതിൽ വായ്പ്പ അനുമതിക്ക് ശേഷമുള്ള 6 മാസം അല്ലെങ്കിൽ പദ്ധതി നിർവഹണം ഇതിൽ ഏതാണോ ആദ്യം, അത് നിയമപരമായ അവധി (മൊറട്ടോറിയം) യായി കണക്കാക്കും. |

സെക്ഷൻ ഓഫീസർ